# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5136 — 27.06.2019-ൽ മറുപടിക്ക്

## ആരോഗ്യ മേഖലയിലെ ഗവേഷണ കേന്ദ്രങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി ഇ.എസ്.ബിജിമോൾ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) | സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ സർക്കാർ നിയന്ത്രണത്തിലുള്ള ഗവേഷണ കേന്ദ്രങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം വിഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള ഗവേഷണങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ; | എ യും ബി യും | ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയം ഭരണാധികാരമുള്ള സ്ഥാപനമാണ് തിരുവനന്തപുരത്ത സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ-കേരള (എസ്.എച്ച്.എസ്.ആർ.സി-കെ). ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഫണ്ടിംഗിലാണ് ഈ സ്ഥാപനം നിലനിൽക്കുന്നത്. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് നിർദ്ദേശിക്കുന്ന മേഖലകളിൽ ആരോഗ്യ വകുപ്പിന് സാങ്കേതിക നിർദ്ദേശങ്ങൾ നൽകുക എന്നതാണ് ഈ സ്ഥാപനത്തിന്റെ കർത്തവ്യം. നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനു വേണ്ടി നിർദ്ദേശങ്ങൾ കൊടുക്കുന്നതിനായി ഈ സ്ഥാപനം വിവിധ തരം പദ്ധതികൾ അവലോകനം നടത്തുകയും ആരോഗ്യ വ്യവസ്ഥയെ സംബന്ധിച്ച് ഗവേഷണങ്ങൾ നടത്തുകയും ചെയ്യുന്നു. താഴെ പറയുന്ന മേഖലകളിലാണ് ഗവേഷണങ്ങൾ നടന്നു വരുന്നത്.<br>• ആരോഗ്യ മേഖലയിലെ ഗുണമേന്മ മെച്ചപ്പെടുത്തുക.<br>• ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ<br>• ആരോഗ്യ പ്രവർത്തക |
| ബി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതോടൊപ്പം മെഡിക്കൽ കോളേജുകളോട് അനുബന്ധമായി ഗവേഷണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | • ആരോഗ്യ പ്രവർത്തകരുടെ പ്രവർത്തനങ്ങളുടെ അവലോകനം.<br>• പൊതുജനാരോഗ്യത്തെ നേരിട്ടോ അല്ലാതെയോ ബാധിക്കുന്ന വിഷയങ്ങൾ ഉദാ: ഭക്ഷ്യസുരക്ഷ, ജലലഭ്യത തുടങ്ങിയവ.<br><br>തെളിവധിഷ്ഠിതമായി ആയുർവേദത്തെ വികസിപ്പിക്കുന്നതിനും ജൈവസാങ്കേതിക വിദ്യയുമായി ആയുർവേദത്തെ ബന്ധപ്പെടുത്തി ഗവേഷണങ്ങൾ സംഘടിപ്പിക്കുന്നതിനുമായി കണ്ണൂർ ജില്ലയിലെ കല്യാട് ഇന്റർ നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ഗവേഷണത്തിന് SBMR മുഖാന്തിരം സർക്കാരിൽ നിന്നും ഫണ്ട് നല്കി വരുന്നുണ്ട്. |
| സി) | സംസ്ഥാനത്ത് രോഗികളിൽ മരുന്നുകളും ചികിത്സാരീതികളും പരീക്ഷിക്കുന്നതിന് അനുമതിയുണ്ടോ;എങ്കിൽ പ്രസ്തുത അനുമതി നൽകുവാൻ നിയോഗിക്കപ്പെട്ടിട്ടുള്ള സമിതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) | ഉണ്ട്. മെഡിക്കൽ കോളേജുകളിൽ ഒരു കൂട്ടം രോഗികളിൽ ഒരു പ്രത്യേക മരുന്നിന്റെ ഫലം പരീക്ഷിക്കുന്നത് താഴെ പറയും പ്രകാരമുള്ള സമിതിയുടെ നടപടിക്രമം വഴിയാണ്. പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ മരുന്ന് പരീക്ഷണം ചെയ്യുന്ന രീതികളും അത് ഏത് തരം രോഗികളിലാണ് ചെയ്യുന്നതെന്നും ടി മരുന്നിന്റെ എല്ലാവിധ വിശദാംശങ്ങളും എഴുതിയ പ്രോട്ടോകോൾ ആദ്യമായി ഇൻസ്റ്റിറ്റ്യൂഷണൽ റിസർച്ച്(IRC) കമ്മിറ്റിക്ക നൽകുന്നതാണ്. IRC കമ്മിറ്റി അത് പരിശോധിച്ചതിന് ശേഷം അതിനു അനുവാദം നൽകണം. എങ്ങനെ പരീക്ഷിക്കണം എന്ന മെത്തേഡിന്റെ അനുവാദമാണ് IRC നൽകുന്നത്. ഈ അനുവാദവും പ്രോട്ടോകോളും കൂടെ ഇൻസ്റ്റിറ്റ്യൂഷണൽ എത്തിക്സ് കമ്മിറ്റി ( IEC ) ക്ക് |

| | | | |
|---|---|---|---|
| | | | നൽകുന്നു. IEC കമ്മിറ്റിയിലെ അംഗങ്ങൾ അത് പരിശോധിച്ച ശേഷം അവർ അനുവാദം കൊടുക്കുന്നു. ഈ കമ്മിറ്റി യുടെ ഉദ്ദേശം എന്തെന്നാൽ ഒരു കാരണവശാലും രോഗിക്ക് ഒരു രീതിയിലുള്ള ദോഷവും ഉണ്ടാകരുത് എന്നുള്ളതാണ്. ഇതിനോട് കൂടി പങ്കെടുക്കുന്ന ഓരോ രോഗിയും സ്വമനസ്സാലെ ഒരു രീതിയിലുമുള്ള നിർബന്ധവുമില്ലാതെ ഈ പഠനത്തിൽ പങ്കെടുക്കുവാൻ തയ്യാറാണ് എന്നത് എഴുതി തരുന്നുണ്ടോ എന്നും എത്തിക്സ് കമ്മിറ്റി ഉറപ്പാക്കുന്നു. ഇൻഫോർമിസ് കൺസെന്റുകളും രോഗിയുടെ സുരക്ഷതത്വം ഉറപ്പാക്കുക എന്നുള്ളതുമാണ് എത്തിക്സ് കമ്മിറ്റിയുടെ ചുമതല. എല്ലാ സർക്കാർ മെഡിക്കൽ, ഡെന്റൽ കോളേജുകളിലും എത്തിക്സ് കമ്മിറ്റികൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ